ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/07/2017*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2017-19*


# NECHIYIL

**AYURVEDA VAIDYASALA & NURSING HOME**
**Karalmanna - 679 506**
**Ph: 0466-2281540 (Clinic), 2283408 (nursing home), 2282240 (res)**
**www.nechiyilayurveda.com**
**email:snechiyil@gmail.com**




- **For scientific Ayurvedic treatments with a traditional touch**
- **SNEHA SWEDA KARMAS & PANCHAKARMA treatments are also done.**
- **Specialised in SIDHA medicine**

**PHYSICIANS**

**Proff, Dr. N. Sasi kumar, B.A.M.S., M.D. (Ay)**

**Dr. Krishna Sasi Kumar, B.A.M.S**

**(OP Timing: 8.30 am to 1 pm & 3 pm to 7 pm)**

**Medicine Manufacturing Sector: SIDHESWARA DRUGS**
**Division for Manufacturing & Distribution of**
**Sidha and Ayurvedic Medicine**


*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com* *Phone: 9562529095*



‖ओ३म्‌‖

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക – ദാർശനിക മാസിക**

**DAYANANDA SANDESAM**


ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!




പുസ്തകം : 5 ലക്കം 1

വേദസൃഷ്ടി സംവത്സരം 1972949118 കലിവർഷം 5119 ആഷാഢം – ശ്രാവണം
1192 മിഥുനം – കർക്കിടകം 2017 ജൂലായ്

വാർഷിക വരിസംഖ്യ: ₹ 60 /- ദീർഘകാലം: ₹1000/-



**ഡോ. ശ്യാമപ്രസാദ് മുഖർജി (1901-1953)**

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കേണ്ട പ്രധാന ദിനങ്ങൾ**

| | | |
|---|---|---|
| ജൂലായ് 06 | : | ഡോ. ശ്യാമപ്രസാദ് മുഖർജി ജന്മദിനം |
| ജൂലായ് 19 | : | മംഗൾ പാണ്ഡെ ജന്മദിനം |
| ജൂലായ് 21 | : | ആചാര്യ ആര്യഭാസ്കർജി നിർവാണ ദിനം |
| ജൂലായ് 23 | : | ബാലഗംഗാധർ തിലക് ജന്മദിനം |
| | | ചന്ദ്രശേഖർ ആസാദ് ജന്മദിനം |
| ജൂലായ് 31 | : | ഷഹീദ് ഉദ്ധംസിംഗ് രക്തസാക്ഷിദിനം |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം

***മണ്ഡലം 1 സൂക്തം 7***



***മധുഛന്ദാ ഋഷിഃ ഇന്ദ്രോ ദേവതാ***

***നിചൃത്ഗായത്രീച്ഛന്ദഃഷഡ്ജഃ സ്വരഃ***

**ഇന്ദ്ര ഇദ്ധര്യോഃ സചാ സമിശ്ല ആ വ് ചോയുജ്ാ।**

**ഇന്ദ്രോ വസ്ത്രീ ഹിരണ്യയഃ ॥** *(ഋഗ്വേദം 1. 7. 2)*

**പദാർത്ഥം:** ഏതുപ്രകാരത്തിൽ ഈ(സമിശ്ലഃ) പദാർത്ഥങ്ങളിൽ ചേരുന്നതും(ഇന്ദ്രഃ) ഐശ്വര്യത്തിന്റെ ഹേതുവും സ്പർശഗുണവാനുമായ വായു തന്റെ(സചാ) എല്ലാവരേയും കൂട്ടിചേർക്കുന്നവനും(ഹര്യോഃ) ഹരണം ചെയ്യുന്നതും പ്രാപിക്കുന്നതുമായ ഗുണങ്ങളെ(ആ) എല്ലാ പദാർത്ഥങ്ങൾക്കും യുക്തമാക്കിതീർക്കുന്നു. അതേപോലെ (വജ്രീ) സംവത്സരം അഥവാ താപത്തോടുകൂടിയ (ഹിരണ്യയഃ) പ്രകാശസ്വരൂപനും (ഇന്ദ്രഃ) സൂര്യനും തന്റെ ഹരണ-ആഹരണ ഗുണത്താൽ എല്ലാ പദാർത്ഥങ്ങളിലും യുക്തമായിത്തീരുന്നു.

**ഭാവാർത്ഥം :** ഈ മന്ത്രത്തിൽ ലപ്തോപമാലങ്കാരമാണ്. എങ്ങനെയാണോ വായുവിന്റെ സംയോഗത്താൽ വചന, ശ്രവണാദി വ്യവഹാരങ്ങളും സർവ്വപദാർങ്ങളുടേയും ഗമന-ആഗമന-ധാരണ-സ്പർശവും ഉണ്ടാവുന്നത് അതേപോലെ സൂര്യന്റെ യോഗത്താൽ പദാർത്ഥങ്ങളിൽ പ്രകാശവും ഛേദനവും നടക്കുന്നു.

*(മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന്*

*തർജ്ജമ : കെ. എം. രാജൻ)*

**സുലഭാഃ പുരുഷാ രാജൻ സതതം പ്രിയവാദിനഃ**

**അപ്രിയസ്യ തു പഥ്യസ്യ വക്താ ശ്രോതാ ച ദുർല്ലഭഃ (വിദുര നീതി)**

**അർത്ഥം:** ഈ ലോകത്തിൽ പ്രിയമായവ പറയുന്നവരും കുടിലന്മാരുമായവരും വളരെ സുലഭമായി കാണാം. എന്നാൽ കേൾക്കുമ്പോൾ അപ്രിയമെന്നു തോന്നാമെങ്കിലും ഗുണകരമായതു പറയുന്നവരും അതു കേൾക്കാൻ താൽപര്യമുള്ളവരും വളരെ ദുർലഭമാണ്.

***ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40. 1)***

***ഈ ജഗത് മുഴുവനും ഈശ്വരമയമാണ്***





***(മുൻ ലക്കത്തിന്റെ തുടർച്ച)***

**ആര്യവീർദളം – ബാലപംക്തി**

**ആര്യവീരഗാഥ – 2**

# അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം

കെ.എം.രാജൻ



**ഇ**രുപത്തൊന്നു വയസ്സായപ്പോൾ മാതാപിതാക്കൾ ലേഖ് റാമിന്റെ വിവാഹം നടത്താൻ നിശ്ചയിച്ചു. വിവാഹനിശ്ചയവും നടത്തി. വിവാഹത്തിനായി അദ്ദേഹത്തിന്റെ അമ്മയും ചെറിയച്ഛനും അതിയായ സമ്മർദ്ദം ചെലുത്തി. എന്നാൽ ലേഖ്റാമിതൊന്നും ചെവികൊണ്ടില്ല. തനിക്ക് നിശ്ചയിച്ച വധുവിനെ തന്റെ അനുജനായ തോതാറാമിനെക്കൊണ്ട് ലേഖ്റാം വിവാഹം കഴിപ്പിച്ചു. ഈ കാലത്തെല്ലാം ബ്രാഹ്മമുഹൂർത്തത്തിൽ ഉണർന്നിരുന്ന ലേഖ്റാം സ്നാനാദികൾക്ക് ശേഷം ധ്യാനത്തിലിരിക്കുമായിരുന്നു. ഇക്കാലത്ത് ലേഖ്റാം ഇസ്ലാമിക സാഹിത്യം പഠിക്കാനാരംഭിച്ചു. ലേഖ്റാമിന്റെ ഇസ്ലാം പ്രേമം കണ്ട് അദ്ദേഹത്തിന്റെ സുഹൃത്തായ കൃപാറാം അദ്ദേഹത്തോട് ചോദിച്ചു "ഇസ്ലാമിൽ സത്യം കണ്ടെത്തിയാൽ അങ്ങ് മുസൽമാനായി തീരുമോ?" പെട്ടെന്നു തന്നെ ഉത്തരം വന്നു. "തീർച്ചയായും". പത്തു കുടങ്ങളിൽ വെള്ളമുണ്ട്. അതിൽ ഏതിനാണ് ശീതളത കൂടുതൽ എന്നറിയണമെങ്കിൽ എല്ലാം കുടിച്ചു നോക്കണ്ടെ? ഇത്തരത്തിൽ സർവ്വ മതങ്ങളെക്കുറിച്ചും പഠിക്കേണ്ടതുണ്ട്. യഥാർത്ഥ ജിജ്ഞാസുവായിരുന്നു ലേഖ്റാം. ധാർമ്മിക കാര്യത്തിൽ ലേഖ്റാം കൂടുതൽ ആകൃഷ്ടനായി. കാശിയിൽ നിന്നും ഗീതാഭാഷ്യം വരുത്തി പഠനമാരംഭിച്ചു. അക്കാലത്ത് പഞ്ചാബിലെ പ്രശസ്ത സാമൂഹ്യനവോദ്ധാന നായകനായിരുന്ന കന്നയ്യലാൽ അലഖ്ധാരി എഴുതിയ ധാർമ്മിക ഗ്രന്ഥങ്ങൾ അദ്ദേഹത്തിന് പഠിക്കാനവസരം കിട്ടി. ഈ സാഹിത്യാദ്ധ്യയനം മൂലം നവോത്ഥാന നായകനായ മഹർഷി ദയാനന്ദ സരസ്വതിയിൽ അദ്ദേഹത്തിന് താല്പര്യം വന്നു. അക്കാലത്തെ ദിനപത്രങ്ങളിലൊക്കെ മഹർഷി ദയാനന്ദന്റെ ധർമ്മപ്രചാര പ്രവർത്തനങ്ങളെപ്പറ്റി ധാരാളം വാർത്തകൾ വരുമായിരുന്നു. വിക്രമിസംവത്സരം 1927ൽ അദ്വൈതവാദം എന്നന്നേക്കുമായി ഉപേക്ഷിച്ച് ലേഖ്റാം ആര്യസമാജത്തിൽ അംഗമായിത്തീർന്നു. ഋഷിദയാനന്ദന്റെ എല്ലാ ഗ്രന്ഥങ്ങളും അദ്ദേഹം സശ്രദ്ധം വായിച്ചു. ഇത് അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരുപാട് മാറ്റങ്ങൾ വരുത്തിവെച്ചു. മഹർഷിയുടെ ഉത്തമശിഷ്യനായിത്തീർന്നു അദ്ദേഹം. വിക്രമിസംവത്സരം 1937ൽ ലേഖ്റാം പേഷാവാറിൽ ആര്യസമാജം സ്ഥാപിച്ചു. നിരവധി സുഹൃത്തുക്കളെ ആര്യസമാജികളാക്കി മാറ്റി. വേദ വിരുദ്ധ മതങ്ങളുടെ ശക്തമായ ഖണ്ഡനവും അദ്ദേഹമാരംഭിച്ചു. എന്നാൽ വേദാന്തവിഷയത്തിൽ അദ്ദേഹത്തിന് പലപ്പോഴും മനഃസ്ഥിരത വന്നിരുന്നില്ല. തന്റെ സംശയം ദൂരീകരിക്കാനായി മഹർഷി ദയാനന്ദനെ കാണാനായി അജ്മേരിലേക്ക് പോകാനദ്ദേഹം തീരുമാനിച്ചു. ഒരു മാസത്തെ അവധി യെടുത്ത് ക്രി.വ. 1880 മേയ് 11ന് ലേഖ്റാം അജ്മേരിലേക്ക് പുറപ്പെട്ടു. മേയ് 17ന് സേഠ് ഫത്ഹമലിന്റെ ഉദ്യാനത്തിൽ ചെന്ന് മഹർഷിയെ കണ്ടു.

(തുടരും)

***സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5. 51. 15)***

***ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !***

(മുൻ ലക്കത്തിന്റെ തുടർച്ച)

# വേദങ്ങളെ അറിയുക

ഡോ. വിവേക് ആര്യ
തർജ്ജമ: കെ.എം. രാജൻ

അഥർവ്വവേദം 1.10.1 അനുസരിച്ച് 'വശാ' ശബ്ദത്തിന്റെ അർത്ഥം ഈശ്വരീയ നിയമം അഥവാ നിയാമകശക്തി എന്നാണ്. ശതപഥം 1.8.3.15 പ്രകാരം 'വശാ' എന്നതിന് പൃഥിവി എന്നും അർത്ഥമുണ്ട്. അഥർവ്വവേദം 20.103.15 അനുസരിച്ച് സന്താനങ്ങളെ വശത്താക്കുന്ന ഉത്തമ സ്ത്രീ എന്നർത്ഥം കൂടിയുണ്ട്. ഇത്തരം സത്യാർത്ഥങ്ങളെ മനസ്സിലാക്കാതെ വേദമന്ത്രങ്ങളുടെ അനർത്ഥം ഉണ്ടാക്കുന്നത് നിന്ദനീയമാണ്.

**ചോദ്യം 10 : വേദാദി ധർമ്മശാസ്ത്രങ്ങളിൽ 'മാഷാ' എന്ന ശബ്ദം പറയുന്നുണ്ട്. അതിന്നർത്ഥം മാംസം ഭക്ഷിക്കുക എന്നാണ്?**

**ഉത്തരം** : മാഷ ശബ്ദത്തിന്റെ പ്രയോഗം 'മാഷൗദനമ്' എന്നതിന്റെ രൂപത്തിൽ നിന്നുണ്ടായതാണ്. ഇതിനെ ഏതോ മാംസാഹാരി മാറ്റിമറിച്ച് 'മാംസൗദനമ്' എന്നർത്ഥമുണ്ടാക്കി. ഇവിടെ 'മാഷ'മെന്നത് ഉഴുന്നുംപരിപ്പിന്റെ രൂപത്തിലാണ് വർണ്ണിക്കുന്നത്. മാംസത്തിന്റെ പ്രശ്നമേ ഉദിക്കുന്നില്ല. ആയുർവ്വേദ(ശുശ്രുത സംഹിത ശരീര അദ്ധ്യായം 2)ത്തിൽ ഗർഭിണികൾക്ക് മാംസാഹാരം വർജ്ജ്യമാണെന്ന് പറയുന്നുണ്ട്. മാഷ(ഉഴുന്ന്)ത്തിന്റെ സേവനം ഹിതകാരിയാണെന്നും പറയുന്നുണ്ട്. ഇതിൽ നിന്ന് വ്യക്തമാവുന്നതെന്താണ്? മാഷ സേവനമെന്നാൽ മാംസാഹാരമല്ല എന്നും പരിപ്പ് തുടങ്ങിയവ ഭക്ഷിക്കേണ്ടതാണെന്ന ഉപദേശമാണെന്ന് ഗ്രഹിക്കണമെന്നാണ്. ഇനിയുമാരെങ്കിലും 'മാഷ'ത്തിന് മാംസമെന്നു പറയാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിരുക്തം 4.1.3 അനുസരിച്ച് മനനത്തിനു യോജിച്ച സാധനം. ബുദ്ധിവർദ്ധകവും മനസ്സിന് നല്ലതെന്ന് തോന്നുന്നതും, പഴത്തിന്റെ ഉൾഭാഗം, പായസം എന്നിവയൊക്കെയാണ് മാംസമെന്നതിനർത്ഥം പറഞ്ഞിരിക്കുന്നത്. പ്രാചീന ഗ്രന്ഥങ്ങളിൽ മാംസം അഥവാ ഗുദാ കഴിക്കുന്നതുമായി ബന്ധപ്പെട്ട നിരവധി പ്രമാണങ്ങൾ ലഭ്യമാണ്. ചരകസംഹിതയിൽ ആമ്രമാംസം(മാങ്ങയുടെ മാംസളമായ ഭാഗം), ഖജൂർ മാംസം(ഈന്തപ്പഴത്തിന്റെ ഉൾഭാഗം) തുടങ്ങിയവ. തൈത്തിരീയ സംഹിത 2.32.8 ൽ തൈര്, തേൻ, ധാന്യംഎന്നിവയ്ക്ക് മാംസമെന്നു പറയുന്നു. ഇതിൽ നിന്നും മനസ്സിലാക്കേണ്ടത് വേദാദിശാസ്ത്രങ്ങളിൽ 'മാഷ'മെന്ന പദം അഥവാ 'മാംസ'മെന്ന ശബ്ദം വരുന്നുവെങ്കിൽ അതിന്റെ അർത്ഥം പരിപ്പ്, പഴങ്ങളുടെ ഉൾഭാഗം എന്നിവയാണെന്നാണ്.

"ഓം മിത്രസ്യ ചക്ഷുഷാ സർവ്വാണി ഭൂതാനി സമീക്ഷേ" (യജുർവ്വേദം 36.18)

**അർത്ഥം**: സകല ജന്തുജാലങ്ങളേയും മിത്രത്തിന്റെ കണ്ണുകൾകൊണ്ട് കാണാൻ കഴിയട്ടെ.

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം
**വൈദിക-ദാർശനിക മാസിക**
പുസ്തകം : 5 ലക്കം 1

**വേദസൃഷ്ടി സംവത്സരം 1972949118 കലിവർഷം 5119 ആഷാഢം– ശ്രാവണം**
**1192 മിഥുനം– കർക്കിടകം 2017 ജൂലായ്**

**രക്ഷാധികാരി**
സ്വാമി അശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാദ്ധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| വൈദിക ഈശ്വരൻ | : | 6 |
| ഉപദേശമഞ്ജരി | : | 7 |
| ജീവിതം ഒരലയാഴി | : | 9 |
| വാസ്കോഡഗാമ | : | 10 |
| സംശയനിവാരിണി | : | 11 |
| വ്യവഹാര ഭാനുഃ | : | 12 |
| വേദപ്രകാശം പാഠാവലി | : | 13 |
| വേദങ്ങളെ അറിയുക | : | 14 |
| അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം | : | 15 |


**വിലാസം**


**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/kerala**


# മുഖവാണി
## ഭജനകളോ ഭരണിപ്പാട്ടോ?



ജനമനസ്സുകളെ വളരെ വേഗത്തിൽ സ്വാധീനിക്കാനുള്ള കഴിവ് കവിതകൾക്കും ഭജനകൾക്കുമുണ്ട്. വിദേശാക്രമണകാരികൾക്കെതിരെ പടവാളെടുക്കാൻ ഭാരതീയർക്ക് ഊർജ്ജം പകർന്ന ദേശഭക്തിഗാനങ്ങളും ഭജനകളും ധാരാളം കാണാൻ കഴിയും. തുഞ്ചത്തെഴുത്തച്ഛനും പൂന്താനവും തുളസീദാസും കബീറുമെല്ലാം ജനങ്ങളിൽ ആസ്തികബോധവും സമർപ്പണ ഭാവവും വളർത്തിയെടുത്തത് അമൂല്യങ്ങളായ അവരുടെ കാവ്യങ്ങളിലൂടെയായിരുന്നുവല്ലോ. ആര്യസമാജവും രാഷ്ട്രീയ സ്വയംസേവക സംഘം പോലുള്ള ദേശീയ പ്രസ്ഥാനങ്ങളും ജനകീയമാക്കിയതിന്റെ പിന്നിൽ ഭജനകളും ഗണഗീതങ്ങളും നൽകിയ പങ്ക് നിസ്സാരമല്ല.

അധ്യാത്മ-ഭക്തിപ്രസ്ഥാനങ്ങളെല്ലാം മനോഹരമായ ഭജനകളിലൂടെ ഭക്തരെ കർതവ്യനിരതരാക്കുന്നു. സംഗീതം ആസ്വദിക്കാൻ ഭാഷയും പാണ്ഡിത്യവുമൊന്നുമില്ലെങ്കിലും കഴിയും. അനശ്വരമായ-ക്ഷരമില്ലാത്ത-അക്ഷരങ്ങൾ പ്രത്യേക

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

ശ്രേണിയിലും വൃത്തത്തിലും അടുക്കിചേർത്താൽ അർത്ഥഗാംഭീര്യമുള്ള പദങ്ങളും വരികളും ഉണ്ടാവും. നമ്മുടെ ഭജനകളെല്ലാം ഉണ്ടായത് അങ്ങനെയാണ്.

പക്ഷെ കുറച്ചുകാലങ്ങളായി ഭക്തിഗാനങ്ങളുടെ ഭാഗമായി കേട്ടുവരുന്ന മിക്ക കീർത്തനങ്ങളും അശ്ലീലച്ചുവയുള്ളതും രതിവൈകൃതങ്ങൾ നിറഞ്ഞതുമാണ് എന്ന് ഇവ ഉച്ച ഭാഷിണിയിലൂടെ പ്രതിദിനം പ്രക്ഷേപണം ചെയ്യുന്നവരും അതുകേട്ട് ഭക്തിയാൽ ആനന്ദ മൂർച്ഛിതരാവുന്നവരും അറിയുന്നുണ്ടോ? നമ്മുടെ സദാചാര കാഴ്ചപ്പാടിനും ആധ്യാത്മിക മൂല്യങ്ങൾക്കും വിരുദ്ധമായ ഇവയിലെ സന്ദേശം ഹിന്ദുവിരുദ്ധർ നമ്മെ അടിക്കാനുള്ള വടിയായി ഉപയോഗിക്കുന്നുണ്ട്. ഏറ്റവും രതിവൈകൃതങ്ങൾ നിറഞ്ഞത് ശ്രീകൃഷ്ണ ഭജനകളാണ്. മഹാഭാരതത്തിൽ ഏറ്റവും അധികം ഉത്തമനായ വ്യക്തിയായി രാജസൂയയാഗത്തിൽ മുഖ്യസ്ഥാനം അലങ്കരിച്ച ശ്രീകൃഷ്ണനെ എത്ര നിർദ്ദയപൂർവ്വം നികൃഷ്ടനായി ഭക്തിഗാനങ്ങളിലൂടെ നാം വർണ്ണിക്കുന്നുവെന്നു നോക്കാം. ജനഹൃദയങ്ങളെ ആഴത്തിൽ സ്വാധീനിച്ച ഏതാനും ഭജനകൾ ഇങ്ങനെയാണ്. അർത്ഥം വിവരിക്കാതിരിക്കുയാണ് നല്ലത്.

"രാധതൻ പ്രേമത്തോടാണോ കൃഷ്ണാ ഞാൻ പാടും ഗീതത്തോടാണോ...","ഗോപസ്ത്രീകൾടെ തുകിലും വാരികൊണ്ടരയാലിൻ കൊമ്പത്തിരുന്നോരോ...ശീലക്കേടുകൾ പറഞ്ഞും ഭാസിച്ചും നീലക്കാർവർണ്ണാ കണികാൺമാൻ", "ഓം ജലക്രീഡാ സമാസക്ത ഗോപീവസ്ത്രാപഹാരകായ നമഃ"(ശ്രീകൃഷ്ണ അഷ്ടോത്തര ശതം), രാധാരമണ മുകുന്ദ മുരാരേ...

മഹാഭാരതം സൗപ്തികപർവ്വം പന്ത്രണ്ടാം അദ്ധ്യായത്തിൽ 30,31 ആയികാണുന്ന ശ്ലോകം നോക്കുക.

**ബ്രഹ്മചര്യമഹത്ഘോരം ചീത്വാ ദ്വാദശ വാർഷികമ്**

**ഹിമവത് പാർശ്വമഭ്യേത്യ യോ മയാതപസാർജ്ജിതാഃ**

**സമാനവ്രതചാരിണ്യാമ് തുകമിണ്യാമ് യോന്വജായതാ**

**സനത്കുമാര തേജസ്വിപ്രദ്യുമ്നോ നാമ വൈസുതഃ**

**അർത്ഥം:-**ഞാൻ എന്റെ പത്നിയായ രുഗ്മിണിയോടൊപ്പം ഹിമാലയ പാർശ്വങ്ങളിലിരുന്ന് 12 വർഷം കഠോര ബ്രഹ്മചര്യപാലനമനുഷ്ഠിച്ച് നടത്തിയ തപസ്സിനുശേഷമാണ് പ്രദ്യുമ്നൻ എന്ന തേജസ്വിയായ പുത്രൻ ഉണ്ടായത്.

ഇത്തരത്തിലുള്ള മഹാപുരുഷനെയാണ് ഭക്തിയിലാറാടിച്ച് വിഷയലമ്പടനായി ആധുനികരായ വികടകവികൾ ചിത്രീകരിക്കുന്നത് എന്നോർക്കുക. മാത്രമല്ല, സോപാനസംഗീതങ്ങളിലും അഷ്ടപദിയിലും എന്തിനേറെ തിരുവാതിരക്കളികളിൽ പോലും പാടിവരുന്ന വരികൾ അർത്ഥ സഹിതമൊന്ന് പരിശോധിച്ചാൽ പൂരപ്രബന്ധങ്ങളേക്കാളും മുന്നിലാണവയെന്ന് വ്യക്തമാവും. ഗീതാഗോവിന്ദവും ലിംഗാഷ്ടകങ്ങളും അന്ധമായ ഭക്തിയാൽ ഉരുക്കഴിക്കുന്ന ഒരുപാട് ഭക്തരെ ഇന്നു കാണാം. ഇവരിൽ ഭൂരിപക്ഷവും സ്ത്രീകളാണെന്നതാണ് ഏറെ ഖേദകരം.

സർവ്വവേദാന്തസാരങ്ങളായതും ലളിതവുമായ ജ്ഞാനപ്പാന, ഹരിനാമകീർത്തനം, ശ്രീ നാരായണഗുരുദേവന്റെ ദൈവ ദശകവും 'അഖിലാണ്ഡമണ്ഡലമണിയിച്ചൊരുക്കി അതിനുള്ളിലാനന്ദ ദീപം കൊളുത്തീ...', 'ചന്തമേറിയ പൂവിലും ശബളാഭമാം ശലഭത്തിലും...'തുടങ്ങിയ അതിവിശിഷ്ട ഭോജ്യങ്ങൾ കൈവശമുള്ള നാമെന്തിന് വ്യാജമായ രാധാകൃഷ്ണപ്രേമം പോലുള്ള 'ഫാസ്ററ് ഫുഡുകൾ'ക്ക് പിറകെ പോകണം.

– പത്രാധിപർ







*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദപ്രകാശം പാഠാവലി

**ജാതവേദൻ**

## പാഠം 8 സൃഷ്ടിവിഷയം

**ചോദ്യം 8 : ഈ പ്രപഞ്ചത്തിന് സ്വയം സൃഷ്ടി നടത്തിക്കൂടെ?**

**ഉത്തരം** : കഴിയില്ല. പ്രപഞ്ചം ജഡവസ്തുവായതിനാൽ അതിന് സ്വയം പ്രവൃത്തി ചെയ്യാനാവില്ല.

**ചോദ്യം 9 : മനുഷ്യർ തുടങ്ങിയവരുടെ ശരീരങ്ങളും ഈശ്വരനാണോ നിർമ്മിക്കുന്നത്?**

**ഉത്തരം** : അതെ. മനുഷ്യരുടെയും പശു പക്ഷി തുടങ്ങിയവയുടേയുമെല്ലാം ശരീരങ്ങൾ നിർമ്മിക്കുന്നത് ഈശ്വരനാണ്.

**ചോദ്യം 10 : സത്വ-രജ-തമോ പദാർത്ഥങ്ങളെ ആരാണ് ഉണ്ടാക്കുന്നത്?**

**ഉത്തരം** : അവ അനാദിയാണ്. ആരും ഉണ്ടാക്കുന്നതല്ല.

**ചോദ്യം 11 : അനാദി എന്നാലെന്ത്?**

**ഉത്തരം** : ഒരിക്കലും ഉല്പ്പന്നമാവാത്തതാണ് അനാദി.

**ചോദ്യം 12 : അനാദി പദാർത്ഥങ്ങൾ ഏതെല്ലാമാണ് ?**

**ഉത്തരം** : ഈശ്വരൻ, ജീവാത്മാവ്, പ്രകൃതിയുടെ മൂലകാരണമായ സത്വ-രജ-തമോ പദാർത്ഥങ്ങൾ എന്നിവ അനാദിയാണ്.

**ചോദ്യം 13 : പ്രകൃതി എന്നു പറയുന്നത് എന്താണ്?**

**ഉത്തരം** : സത്വ-രജ-തമോ പദാർത്ഥങ്ങൾക്കാണ് പ്രകൃതി എന്നു പറയുന്നത്.

**ചോദ്യം 14 : പ്രപഞ്ച സൃഷ്ടിക്ക് എത്ര കാരണങ്ങളുണ്ട് അവ ഏവ?**

**ഉത്തരം** : പ്രപഞ്ച സൃഷ്ടിക്ക് 3 കാരണങ്ങളുണ്ട്.

1. നിർമ്മിക്കുന്നവൻ. ഉദാ: കുടമുണ്ടാക്കുന്നവൻ
2. നിർമ്മിക്കാനുപയോഗിക്കുന്ന വസ്തുക്കൾ. ഉദാ: മണ്ണ്
3. നിർമ്മാണത്തിനുപയോഗിക്കുന്ന മറ്റു സഹായവസ്തുക്കൾ. ഉദാ: ചൂള തുടങ്ങിയവ

**ചോദ്യം 15 : വിത്താണോ മരമാണോ ആദ്യം ഉണ്ടായത്?**

**ഉത്തരം** : വിത്ത്. എന്തെന്നാൽ വിത്ത് എന്നാൽ കാരണമാണ്. കാരണം എപ്പോഴും കാര്യത്തിന് മുമ്പ് ഉണ്ടാകും

**(തുടരും)**

***യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)***
***ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ***



*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

**നാ പ്രാപ്യമഭിവാഞ്ഛന്തി**

**നഷ്ടം നേച്ഛന്തി ശോചിതുമ് ।**

**ആപത്സു ച ന മുഹ്യന്തി**

**നരാഃ പണ്ഡിത ബുദ്ധയഃ ॥ 4 ॥**

ആരാണോ പ്രാപിക്കാൻ അയോഗ്യമായ പദാർത്ഥത്തെ ഒരിക്കലും ആഗ്രഹിക്കാത്തത്, കാണാതായ അഥവാ നഷ്ടപ്പെട്ടുപോയ വസ്തുക്കളെ ചൊല്ലി ദുഃഖിക്കാതിരിക്കുന്നത്, വലിയ ദുഃഖമുണ്ടാകുന്ന പ്രവർത്തികളിലേർപ്പെട്ട് മോഹിതനായി ഭയപ്പെടാതിരിക്കുന്നത് എന്നീ ഗുണങ്ങൾ ഉള്ളവർ 'പണ്ഡിത ബുദ്ധി'യുള്ളവരാകുന്നു.

**പ്രവൃത്തവാക് ചിത്രകഥ**

**ഊഹവാൻ പ്രതിഭാനവാൻ ।**

**ആശുഗ്രന്ഥസ്യവക്താ**

**ച യഃ സപണ്ഡിത ഉച്യതേ ॥ 5 ॥**

ആരുടെ വാണിയാണോ എല്ലാ വിദ്യകളിലും ഉപയുക്തമാവുന്നത്, അത്യന്ത അത്ഭുതകരമായ വിദ്യകളെ പ്പറ്റി ആർ പറയുന്നുവോ, അറിവില്ലാത്തവനെ അതിവേഗം തർക്കയുക്തം പറഞ്ഞുമനസ്സിലാക്കുന്നവനാരോ, കേട്ട അറിവിനെ മനനം ചെയ്യുകയും അതിനെ സദാ ഉൾക്കൊണ്ട് സർവ്വവിദ്യകളേയും ഗ്രന്ഥങ്ങളേയും വളരെ വേഗത്തിൽ പഠിപ്പിക്കുകയും ചെയ്യുന്നവനാരോ അയാളത്രേ പണ്ഡിതൻ.

**ശ്രുതം പ്രജ്ഞാനുഗം യസ്യ**

**പ്രജ്ഞാചൈവശ്രുതാനുഗാ ।**

**അസംഭിന്നാര്യമര്യാദാ**

**പണ്ഡിതാഖ്യാം ലഭതേ സഃ ॥ 6 ॥**

ആരാണോ കേട്ടതും പഠിച്ചതുമായ വിദ്യ തന്റെ ബുദ്ധിക്ക് സദാ അനുകൂലമാണെന്നും ആരാണോ ധാർമ്മി കരായ ശ്രേഷ്ഠപുരുഷൻമാരുടെ സർവ്വരക്ഷ ചെയ്യുകയും ദുഷ്ടൻമാരുടേയും കൊള്ളക്കാരുടേയും രീതി കളെ സദാ തടയുവാൻ യത്നിക്കുന്നത് ധർമ്മമാണെന്നറിഞ്ഞ് വർത്തിക്കുന്നത് അയാളെ പണ്ഡിതനെന്നു വിളി ക്കാൻ യോഗ്യനാണ്.

എവിടെയാണോ ഇത്തരത്തിലുള്ള സത്പുരുഷൻമാർ പഠിപ്പിക്കാനും ബുദ്ധിമാൻമാരായവർ പഠിക്കാനും ഉള്ളത് അവിടെ വിദ്യയും ധർമ്മവും വർദ്ധിച്ച് സദാ ആനന്ദം ഉന്നതിയേ പ്രാപിക്കുന്നു. എവിടെയാണോ ഇനി വിവരിക്കാൻ പോവുന്ന ലക്ഷണങ്ങളുള്ളവർ പഠിപ്പിക്കാനും പഠിക്കാനുമുള്ളത് അവിടെ അവിദ്യയും അധർമ്മവും വർദ്ധിപ്പിച്ച് ദുഃഖം കൂടുതലാവുന്നു.

(തുടരും)

| |
|---|
| *തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)* |
| *ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !* |







*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

(ചിലയിടങ്ങളിൽ പത്തൊമ്പതക്കങ്ങളുള്ള സംഖ്യയായി കണക്കാക്കുന്നു. അത്തര ത്തിൽ ഇവിടെയും കാണുക.)

(സഹസ്രസ്യപ്ര.) ഈ പ്രപഞ്ചത്തിന് ആയിരം - സഹസ്രമെന്ന സംജ്ഞയാണ് നൽകി യിരിക്കുന്നത്. നേരത്തെ വിവരിച്ച ബ്രാഹ്മദിനത്തിനും രാത്രിക്കും സഹസ്രസംജ്ഞതന്നെ യാണ് നൽകിയിരുന്നത്. ഈ മന്ത്രത്തിന്റെ സാമാന്യർത്ഥമിതാണ് വർത്തമാനത്തിൽ. അല്ലയോ പരമേശ്വരാ! അങ്ങ് ആയിരം ചതുർയുഗങ്ങളടങ്ങിയ പകലും രാത്രിയും ഉണ്ടാക്കു ന്നു.

ഇപ്രകാരത്തിൽ ജ്യോതിഷ ശാസ്ത്രത്തിൽ വർഷങ്ങളുടെ സംഖ്യ ആര്യൻമാർ ഗണി ച്ചെടുത്തിരുന്നു. സൃഷ്ടിയുടെ ഉൽപ്പത്തിമുതൽ ഇന്നേവരെയുള്ളതിനെ ഗണിതവിദ്യയാൽ വ്യക്തമായി കണക്കാക്കി ഇന്നേവരെയുള്ളതിനെ പ്രതിദിനം അറിയുകയും അറിയിക്കുകയും പഠിക്കുകയും പഠിപ്പിക്കുകയും പരമ്പരയായി നാം ചെയ്തുപോന്നിരുന്നു. ഈ വ്യവസ്ഥ സൃഷ്ടിയുടേയും വേദങ്ങളുടേയും ഉൽപ്പത്തിയുടെ കാലഗണനക്കായി കണക്കാക്കുന്നത് ശരിയാണ്. എല്ലാ മനുഷ്യർക്കും സ്വീകരിക്കാൻ യോഗ്യവുമാണ്. എന്തെന്നാൽ ആര്യൻമാർ പ്രതിദിനം 'ഓം തത്സത്' എന്ന പരമേശ്വരന്റെ മൂന്നു നാമങ്ങൾ ചൊല്ലിയിട്ട് കാര്യങ്ങളുടെ ആരംഭവും പരമേശ്വരനെ നന്ദിയോടെ ദിവസവും സ്മരിക്കുകയും ചെയ്തു വരുന്നു. ഈ കണക്ക് എഴുതി എഴുതിപ്പിച്ച്, പഠിച്ച്-പഠിപ്പിച്ച് നേരത്തെ പറഞ്ഞ ബ്രാഹ്മദിനത്തിലെ രണ്ടാ മത്തെ പ്രഹരത്തിലെ മദ്ധ്യാഹ്നത്തോടടുത്തെത്തി നിൽക്കുന്നു. വൈവസ്വതമനുവിന്റെ എത്ര വർഷങ്ങൾ അനുഭവിച്ചു തീർക്കുവാൻ ബാക്കിയുണ്ടോ അത്രയും മധ്യാഹ്നത്തിൽ ബാക്കിയാ കുന്നു. അതിനാലാണ് ഇങ്ങനെ പറയുന്നത് ശ്രീ ബ്രഹ്മണോ ദ്വിതീയ പ്രഹ(രോ*f*പ)രാർധേ.

ഇത് വൈവസ്വതരമനുവിന്റെ മന്വന്തരമാണ്. അതിൽ ഇരുപത്തെട്ടാമത്തെ കലിയുഗമാ ണ് നടന്നുകൊണ്ടിരിക്കുന്നത്. കലിയുഗത്തിന്റെ ആദ്യചരണമാണിപ്പോൾ നടക്കുന്നത്. അത്ത രത്തിൽ വർഷം, ഋതു, അയനം, മാസം, പക്ഷം, ദിനം, നക്ഷത്രം, മുഹൂർത്തം, ലഗ്നം, പലം തുട ങ്ങിയ സമയത്ത് നാം ഇത്തരത്തിൽ കർമ്മങ്ങൾ ചെയ്തുകൊണ്ടിരുന്നു. ഇപ്പോഴും ചെയ്യുന്നു. അതായത് വിക്രമിസംവത്സരം 1933 ഫാൽഗുനമാസം കൃഷ്ണപക്ഷഷഷ്ഠി ശനിയാഴ്ച ദിന ത്തിലെ നാലാം പ്രഹരത്തിൽ ഈ കാര്യം ഞാൻ എഴുതി (വേദോൽപ്പത്തി കാലം). ഇപ്രകാരം ആര്യൻമാർ കൊച്ചുകുട്ടി മുതൽ വൃദ്ധൻമാർ വരെ അറിഞ്ഞും ആചരിച്ചും വന്നിരുന്നു. എങ്ങ നെയാണോ കണക്കുപുസ്തകത്തിൽ എണ്ണം ചേർക്കുന്നത് അതേപോലെ മാസവും വർഷവും കൂട്ടിയും കുറച്ചും വന്നിരുന്നു. ഇപ്രകാരം ആര്യൻമാർ തിഥിപത്രത്തിൽ (പഞ്ചാം ഗം) എഴുതി വന്നിരുന്നു. ഇതേ ചരിത്രം ആര്യാവർത്ത ദേശത്തിൽ ഇന്നും പ്രചരിച്ചുകൊണ്ടിരി ക്കുന്നു. (ദേശത്തിലെല്ലായിടത്തും ഇത്തരത്തിൽ ചരിത്രരൂപത്തിൽ സങ്കല്പപാഠം ചൊല്ലിവരു ന്നു.) മാത്രമല്ല, എല്ലാ ഗ്രന്ഥങ്ങളിലും ഈ വിഷയത്തിൽ ഒരേ പ്രകാരത്തിലുള്ള വിവരണമാ ണുള്ളത്. (എല്ലാ പഞ്ചാംഗ പുസ്തകങ്ങളിലും ഈ കാലഗണന കാണാം). ഇതിലാർക്കും തർക്കമില്ല. അതിനാൽ ഇതിനെ തള്ളിപ്പറയാൻ ആർക്കുമാവില്ല.

(തുടരും)

| |
|---|
| *ഭദ്രാ രാതിഃ (സാമം 111)* |
| *പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ* |

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വൈദിക ഈശ്വരൻ

**കെ.എം.രാജൻ**

**ചോദ്യം : ഈശ്വരന് തുടക്കമുണ്ടോ?**

**ഉത്തരം** : ഈശ്വരൻ തുടക്കവും ഒടുക്കവും ഇല്ലാത്തവനാണ്. അദ്ദേഹം എന്നുമുണ്ടായിരുന്നു. ഇനി എന്നും ഉണ്ടായിരിക്കുകയും ചെയ്യും. മാത്രമല്ല, അദ്ദേഹത്തിന്റെ ഗുണവിശേഷങ്ങൾ എന്നും ഒരുപോലെയിരിക്കും. ജീവാത്മാവും പ്രകൃതിയുമാണ് മറ്റു രണ്ടനാദിവസ്തുക്കൾ.

**ചോദ്യം : ഈശ്വരൻ എന്താണ് ആഗ്രഹിക്കുന്നത്?**

**ഉത്തരം** : ഈശ്വരൻ എല്ലാ ആത്മാക്കൾക്കും മോക്ഷവും അത് നേടാൻ വേണ്ടുന്ന യോജിച്ച പ്രവർത്തികൾ അനുഷ്ഠിക്കാൻ അവർക്കാവട്ടെ എന്നും ആഗ്രഹിക്കുന്നു.

**ചോദ്യം : നാം ഈശ്വരനെ ആരാധിക്കണമൊ? വോണ്ടയോ? എന്തുകൊണ്ട്? അദ്ദേഹം ഒരിക്കലും ക്ഷമിക്കുന്നവനല്ല!**

**ഉത്തരം** : ഈശ്വരനെ ആരാധിക്കണം. അദ്ദേഹത്തെ മാത്രമെ ആരാധിക്കാവൂ. താങ്കൾ ഈശരനെ ആരാധിച്ചാൽ താങ്കളുടെ തോറ്റ വിഷയങ്ങൾ പാസ്സാക്കി സർട്ടിഫിക്കറ്റ് നേടാൻ എളുപ്പവഴികൾ ലഭ്യമാക്കില്ലാ എന്നുറപ്പാണ്. മടിയൻമാരും ദുഷ്ടബുദ്ധികളും മാത്രമാണ് അത്തരം തെറ്റായ വഴികളിലൂടെ വിജയത്തിലെത്താൻ ശ്രമിക്കുക.

**ഈശ്വരാധനയുടെ ഗുണങ്ങൾ വ്യത്യസ്തമാണ്.**

1. ഈശ്വരാരാധന മൂലം ഒരാൾക്ക് ഈശ്വരനെ കുറിച്ചും അദ്ദേഹത്തിന്റെ സൃഷ്ടിയെക്കുറിച്ചും നന്നായി അറിയാൻ കഴിയും.

2. ഈശ്വരാരാധന മൂലം ഈശ്വരന്റെ ഗുണവിശേഷങ്ങളെ മനസ്സിലാക്കാനും അവ സ്വജീവിതത്തിൽ ഉൾക്കൊള്ളുവാനും കഴിയും.

3. ആരാധന മൂലം ഒരാൾക്ക് തന്റെ ഉൾവിളിയെ നന്നായി അറിയാനും അദ്ദേഹത്തിന്റെ മാർഗ്ഗദർശനം നേടാനും കഴിയും.

4. ആരാധനയിലൂടെ അജ്ഞാനത്തെ തുടച്ചുകളയാനും ശക്തമായ വെല്ലുവിളികളെ നേരിടാൻ വേണ്ടുന്ന ശക്തി ആർജ്ജിക്കാനും ജീവിതത്തിൽ ആത്മവിശ്വാസത്തോടെ മുന്നേറാനും കഴിയും.

5. അവസാനമായി അജ്ഞതയെ മാറ്റി മോക്ഷം നേടാൻ ആരാധന സഹായിക്കുന്നു.

6. ആരാധന എന്നാൽ യാന്ത്രികമായ മന്ത്രോച്ചാരണമൊ മനസ്സ് കാലിയാക്കിവെക്കലോ അല്ല. സോദ്ദ്യേശപരവും സജീവവുമായ കർമ്മങ്ങളിലൂടെ ജ്ഞാനമാർജ്ജിക്കലും ആത്മസാക്ഷാത്കാരം നേടലുമാണ് ആരാധനയുടെ ലക്ഷ്യം.

(തുടരും)

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*





***(മുൻ ലക്കത്തിന്റെ തുടർച്ച)***

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



**ചോദ്യം 62 : കർമ്മഫലം എന്തുകൊണ്ടാണ് ഈശ്വരൻ തരുന്നത്? കർമ്മഫലം ഈ ലോകത്ത് ലഭിക്കുന്നതല്ലേ? ഇത് ഈശ്വരൻ തരുന്നതിന്റെ ആവശ്യകത എന്താണ്?**

**ഉത്തരം** : കർമ്മഫലം ഈ ലോകത്തിൽ തന്നെ ലഭിക്കുന്നുവെങ്കിൽ ഈശ്വരൻ എല്ലാവരേയും എന്തുകൊണ്ട് സമ്പന്നരാക്കിയില്ല? ചിലർ ധനവാന്റെ ഗൃഹത്തിൽ ജനിക്കുന്നു. ചിലർ ഭിക്ഷക്കാരന്റെ ഗൃഹത്തിൽ ജനിക്കുന്നു. എന്തുകൊണ്ട്? എല്ലാവർക്കും കർമ്മഫലം തുല്യമായാണ് ലഭിക്കുന്നതെങ്കിൽ ഇത്രയധികം ന്യായാലയങ്ങളുടെ ആവശ്യമെന്താണ്? കർമ്മഫലം ലഭിച്ചില്ലെങ്കിൽ എന്തുകൊണ്ട് സ്വയം പഴിക്കാതെ ഭഗവാനെ ഓർമ്മിക്കുന്നു. ആപത്തുവരുമ്പോൾ എന്തിനാണ് ഈശ്വരന്റെ സഹായം തേടുന്നത്?

ചിന്തിച്ചു കഴിഞ്ഞാൽ നമ്മുക്ക് നമ്മുടെ അജ്ഞാനത്തെക്കുറിച്ച് മനസ്സിലാക്കാം. കർമ്മഫലം എന്തുകൊണ്ടാണ് ഈശ്വരൻ തരുന്നത് എന്നു മനസ്സിലാക്കാം. കാരണം ഈശ്വരൻ ന്യായകാരിയാണ്. ഒട്ടും കൂടുതലും കുറവുമില്ലാതെ തികച്ചും ന്യായപൂർവ്വമായി അദ്ദേഹം കർമ്മഫലത്തെ പ്രദാനം ചെയ്യുന്നു. മനസാ-വാചാ-കർമണാ നമ്മൾ അറിഞ്ഞോ അറിയാതെയോ ചെയ്യുന്ന കർമ്മങ്ങളെക്കുറിച്ച് ചിലപ്പോഴെല്ലാം മറന്നുപോകാറുണ്ട്. എന്നാൽ സർവ്വജ്ഞനായ ഈശ്വരൻ ഒരു കാര്യവും മറന്നുപോകുന്നില്ല. ഒരാൾക്ക് താൻ ചെയ്ത കർമ്മത്തിന്റെ ഫലം ഈ ലോകത്തിൽ ലഭിച്ചില്ലെങ്കിലും ഈശ്വരൻ തീർച്ചയായും അത് നൽകും. അദ്ദേഹം സർവ്വജ്ഞനും സർവ്വവ്യാപിയുമാണ്. കർമ്മഫലത്തിന്റെ വ്യവസഥ എപ്പോൾ, എങ്ങനെ, എവിടെ വേണമെന്ന് ഈശ്വരന് മാത്രമേ അറിയുകയുള്ളൂ. അല്പജ്ഞരായ ജീവാത്മാക്കൾക്ക് തുല്ല്യനീതി നടപ്പാക്കാൻ സാധിക്കുകയില്ല. അതുകൊണ്ടാണ് ഈശ്വരനിൽ വിശ്വാസമർപ്പിക്കുന്നത്. അദ്ദേഹം സർവ്വാന്തര്യാമിയായി എല്ലാവരുടേയും അകത്തും പുറത്തും സദാ സമയവും സാക്ഷിയായി വിരാജിച്ചുകൊണ്ടിരിക്കുന്നു. എല്ലാവർക്കും അവരർഹിക്കുന്ന കർമ്മഫലം ലഭിക്കണം. അതുകൊണ്ടാണ് കർമ്മഫലം ഈശ്വരൻ നൽകുന്നത്. കർമ്മം എങ്ങനെയാണോ അതിനനുസരിച്ചാണ് ഫലം ലഭിക്കുന്നത്. എപ്പോൾ, എവിടെ, എങ്ങനെ ലഭിക്കുന്നു എന്നത് ഈശ്വരന് മാത്രമേ അറിയൂ. ഈശ്വരൻ ഒരാളുടേയും പാപകർമ്മത്തിനു മാപ്പു കൊടുക്കുകയോ, ഗുണങ്ങൾക്ക് ഫലം നൽകാതിരിക്കുകയോ ചെയ്യുകയില്ല എന്നത് തീർച്ചയാണ്.

**(തുടരും)**

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വാസ്കോഡഗാമ ഒരു കപ്പൽ സഞ്ചാരിയോ കടൽ കൊള്ളക്കാരനോ

ഡോ. വിവേക് ആര്യ
തർജ്ജമ: രാജീവ് ടി.എ

**ത**ന്റെ സാഞ്ചാരത്തിനടക്ക് പലപ്പോഴായി സംഘാംഗങ്ങളെ നഷ്ടപ്പെട്ടുവെങ്കിലും അറബികളുടെ മേൽക്കോയ്മ ഇല്ലാതാക്കാൻ വാസ്കോഡഗാമക്ക് സാധിച്ചു. പോർച്ചുഗലിൽ നിന്ന് വലിയ വലിയ കപ്പലുകളിൽ 1200 പടയാളികളും പടക്കോപ്പുകളുമായി വീണ്ടും അദ്ദേഹം ഭാരതപര്യടനത്തിന് ഒരുങ്ങി. 1500 പേരുമായി വീണ്ടും അവരെത്തി. അറബികളെ പൂർണ്ണമായും ഒഴിവാക്കി വ്യാപാരം തങ്ങളുമായി മാത്രം നടത്താൻ രാജാവിനോടവർ ആവശ്യപ്പെട്ടു. ഇത്തരം ആവശ്യങ്ങൾ സാമൂതിരിക്ക് രസിച്ചില്ല. ഇതിനിടെ അറബികളുടെ ഏതാനും കപ്പലുകൾ പോർച്ചുഗീസുകാർ പിടിച്ചെടുത്തു.

കരയിലുള്ള ഒരുകൂട്ടം പോർച്ചുഗീസുകാരെ ആക്രമിച്ചുകൊണ്ടാണ് അറബികൾ ഇതിന് പകരം വീട്ടിയത്. പോർച്ചുഗീസുകാർ നങ്കൂരമിട്ട പത്തിലധികം കപ്പലുകൾ അവർ ആക്രമിക്കുകയും അതിലെ ആളുകളെ ജീവനോടെ കത്തിക്കുകയും ചെയ്തു. അതുപോലെ നഗരത്തിൽ രണ്ടു ദിവസം തുടർച്ചയായി പീരങ്കി വർഷിച്ച് സാമൂതിരിയെ അവിടെ നിന്ന് പലായനം ചെയ്യിക്കുകയും ചെയ്തു. കോഴിക്കോട് രാജാക്കൻമാർക്ക് ഒരിക്കലും മറക്കാനാവാത്തതായിരുന്നു ഈ പൈശാചിക പ്രവൃത്തി. കുരുമുളകും മറ്റു സുഗന്ധവ്യജ്ഞനങ്ങളുമായി പറങ്കികൾ തിരികെ പോയി. ഇതായിരുന്നു യൂറോപ്യരുടെ ആദ്യത്തെ കടൽമാർഗ്ഗമുള്ള ആധിപത്യത്തിന്റെ തെളിവ്.

നിഷ്ഠൂരനായ ഒരു നാവികനായി ഗാമ വീണ്ടും തിരിച്ചുവന്നു. ഇപ്രാവശ്യം നഗരം മുഴുവൻ മൂന്നുനാൾ പീരങ്കി വർഷിച്ച് സമാധാനശ്രമങ്ങൾ എല്ലാം തകർത്തു. നങ്കൂരമിട്ട എല്ലാ കപ്പലുകളും എണ്ണൂറോളം ആളുകളേയും അവർ പിടിച്ചെടുത്തു കീഴടക്കി. ഈയാളുകളെയെല്ലാം കപ്പലിന്റെ മുകൾത്തട്ടിൽ കൊണ്ടുവന്ന് മൂക്ക്, കൈകൾ, ചെവികൾ, തുടങ്ങിയവയെല്ലാം മുറിച്ചെടുത്ത് വധശിക്ഷക്ക് വിധേയരാക്കി. ശവശരീരങ്ങൾ ഒരു സഞ്ചിയിലാക്കി തുറമുഖത്തേക്കയച്ചുകൊടുത്തു. സാമൂതിരിയുടെ സമാധാന ദൂതനെയടക്കം അതിക്രൂരമായ വധശിക്ഷക്ക് വിധേയനാക്കി. ഒരു ബ്രാഹ്മണനോടൊപ്പം പോയ രണ്ടു മക്കളേയും ഒരു മകനേയും കെട്ടിത്തൂക്കികൊന്നു.

ഇപ്രകാരം ഒരു ദശാബ്ദകാലം ഇന്ത്യൻ മഹാസമുദ്രത്തിന്റെ തീരപ്രദേശത്ത് അവർ പ്രവർത്തിച്ചുകൊണ്ടിരുന്നു. പോർച്ചുഗീസുകാർ അവരുടെ സർവ്വാധിപത്യം A.D 1510ൽ ഗോവയിൽ അൽഫോൻസാ സേ അൽബുക്കർക്കിന്റെ നേതൃത്വത്തിൽ സ്ഥാപിച്ചു. ഇവരുടെ നേതൃത്വത്തിൽ അടിച്ചമർത്തലിന്റെയും മതപരിവർത്തനത്തിന്റെയും കൃസ്തീയ വിശ്വാസങ്ങൾ അടിച്ചേൽപ്പിക്കുന്നതിന്റെയും ഒരു പുതിയ യുഗം തുടങ്ങി. ഇതിൽ വി.ഫ്രാൻസിസ് സേവ്യർ ആദ്യത്തെ മാനുഷിക വിദ്ധ്വംസനത്തിന്റെ അഗ്രഗണ്യനായി കണക്കാക്കാവുന്നവനാണ്.

പോർച്ചുഗീസുകാരുടെ ആധിപത്യം ഒരു വലിയ മാറ്റമാണ് ഭാരത ചരിത്രത്തിലുണ്ടാക്കിയത്. അത്യാഗ്രഹത്തിന്റെയും അതിക്രൂരതയുടേയും മതഭ്രാന്തിന്റേയും നേർകാഴ്ചകളായി മാറിയ വാസ്കോഡഗാമയുടെ വരവ്, സാമൂതിരിയെ കൈകാര്യം ചെയ്തതിലും ക്രിസ്ത്യൻ മതഭ്രാന്തൻമാർ എങ്ങനെയാണ് ക്രൂരതകൾ കാട്ടിക്കൂട്ടിയതെന്നുമുള്ളതിന് നേർതെളിവാണ്. നമ്മുടെ രാജ്യത്തെ മുച്ചൂടും മുടിച്ച് ദയാദാക്ഷിണ്യമില്ലാതെ കൊന്നു തള്ളി അവർ. വാസ്കോഡഗാമയുടെ നേതൃത്വത്തിൽ നടത്തിയ ഒരു 'ക്രിസ്ത്യൻ ജിഹാദ്' എന്നുവേണമെങ്കിൽ ഇതിനെ വിശേഷിപ്പിക്കാം.

ഈ വാസ്കോഡഗാമയെയാണ് കമ്യൂണിസ്റ്റ് ചരിത്രകാരൻമാർ വെള്ളപൂശി ഭാരതവും യൂറോപ്പുമായി വ്യാപാരത്തെ വികസിപ്പിച്ച വലിയ നാവികനായി ചിത്രീകരിച്ചത്. എന്നാൽ ദുരാഗ്രഹിയും അത്യാർത്തിക്കാരനും ആപൽകാരിയായ മതഭ്രാന്തനുമായ കടൽകൊള്ളക്കാരനായിരുന്നു വാസ്കോഡഗാമ എന്നതാണ് യാഥാർത്ഥ്യം.

(അവസാനിച്ചു.)

**ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)**
**അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും**





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

*മഹർഷി ദയാനന്ദ സരസ്വതി*
*തർജ്ജമ: കെ.എം. രാജൻ*



## എട്ടാം പ്രഭാഷണം
## ഇതിഹാസ വിഷയം

1875 ജൂലായ് 24 (ശ്രാവണ കൃഷ്ണ 6, വിക്രമിസംവത്സരം 1932, ദാക്ഷിണാത്യസമയം ആഷാഢകൃഷ്ണ 6) രാത്രി 8 മണിക്ക് സ്വാമി ദയാനന്ദസരസ്വതി നടത്തിയ വിജ്ഞാപനത്തിന്റെ ഭാഗമായി ബുധ്വാർ പേട്ടിൽ 'ഇതിഹാസ'മെന്ന വിഷയത്തെ അധികരിച്ച് നടത്തിയ പ്രഭാഷണത്തിന്റെ സാരാംശം.)

**ഓം യതോയതസമീഹസെ തതോ നോ അഭയം കുരു।**

**ശന്നഃ കുരുപ്രജാഭ്യോ ഭയന്നഃ പശുഭ്യഃ॥**

**(യജൂർവ്വേദം 36.22)**

ഇതിഹാസം എന്നതാണ് ഇന്നത്തെ പ്രഭാഷണവിഷയം. ക്രമത്തോടെ വേണം ഇത് നടത്തേണ്ടത്. 'ഇതിഹാസോനാമ വൃത്തമ്'. ഇതിവൃത്തം അഥവാ കഴിഞ്ഞുപോയ സംഭവം എന്നാണിതിനർത്ഥം. ജഗദുൽപ്പത്തി മുതൽ ഇന്നും നടന്നുകൊണ്ടിരിക്കുന്നു. ജഗദുൽപ്പത്തിയെക്കുറിച്ച് പറയുമ്പോൾ ഒന്നു രണ്ടു കാര്യങ്ങൾ ചിന്തിക്കേണ്ടതുണ്ട്. ജഗത് എങ്ങനെ ഉൽപ്പന്നമായി? ആരാണ് നിർമ്മിച്ചത്?

**നാസദാസീന്നോ സദാസീത് തദാനിം നാസീദ്രജോ നോ വ്യോമാ പരോയത്**

**കിമാവരീവഃ കുഹ കസ്യ ശർമ്മന്നംഭഃ കിമാസീദ് ഗഹനം ഗഭീരമ്॥**

**(ഋഗ്വേദം 10.129.1)**

ആദിയിൽ പ്രകൃതിയും കാര്യവും ഉണ്ടായിരുന്നില്ല. ഉൽപ്പത്തി, സ്ഥിതി, ലയം എന്നിവയ്ക്കാണ് കാര്യമെന്നു പറയുന്നത്. സത് അഥവാ പ്രകൃതി. ഇതിന്റെ വർണ്ണന സാംഖ്യശാസ്ത്രത്തിലുണ്ട്.

ഈ ശാസ്ത്രത്തിൽ സത്വ-രജ-തമോഗുണങ്ങളുടെ സമാവസ്ഥയാണ് പ്രകൃ

***മാ സ്രോധത (ഋഗ്വേദം 6.32.9)***
***ഹിംസ ചെയ്യാതിരിക്കൂ***

തി. സാംഖ്യസൂത്രം നോക്കുക.

**സത്വരജസ്തമസാം സാമ്യാവസ്ഥാ പ്രകൃതിഃ (സാംഖ്യം 1.61)**

പ്രകൃതിയിൽ നിന്നും തുടർന്നുള്ള ഉൽപ്പത്തി എങ്ങനെയുണ്ടായി എന്ന വിഷയത്തെപ്പറ്റി സാംഖ്യശാസ്ത്ര സൂത്രം താഴെ കൊടുക്കുന്നു.

**പകൃതേർമഹാന് മഹതോ *f*ഹങ്കാരാത് പഞ്ചതൻമാത്രാണ്യുഭയമിന്ദ്രിയം പഞ്ചതന്മാത്രേഭ്യഃ സ്ഥൂലഭൂതാനി പുരുഷ ഇതി പഞ്ചമിവിംശതിർഗണഃ (സാംഖ്യം 1.26)**

തുടക്കത്തിൽ പ്രകൃതിയുണ്ടായിരുന്നില്ല. അപ്പോൾ സൃഷ്ടി എങ്ങനെ നടന്നു എന്നാരെങ്കിലും സംശയമുന്നയിച്ചാൽ അതിനുള്ള ഉത്തരമിതാണ്.

മഞ്ഞുതുള്ളികൾ ഭൂമിയിൽ പതിച്ച് പുല്ലുകളിലും വൃക്ഷങ്ങളിലെ ഇലകളിലും ജലബിന്ദുക്കളായി വർത്തിക്കാറുണ്ട്. ഈ മഞ്ഞുതുള്ളികൾ പൃഥ്വിയുടെ ആവരണമല്ല. ആപ്രകാരം ഒരാവരണം നേരത്തെ ഉണ്ടായിരുന്നില്ല.

(തുടരും)


## ദയാനന്ദ സന്ദേശം വൈദിക മാസിക



*സത്യ – സനാതന – വൈദികധർമ്മ സന്ദേശം!*
*അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ*
*വൈദിക സിംഹഗർജ്ജനം! ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!*

**സൗജന്യ മാതൃകാ കോപ്പിയ്ക്ക് 1 രൂപ സ്റ്റാമ്പ് അയ്ക്കുക**

**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**

**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം : വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം, ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**

*Email: dayanandasandesam@gmail.com*

***ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.***

DAYANANDA SANDESAM

Bank Account No: 4264000100072426, IFSC Code : PUNB 0426400, Punjab National Bank- Cherpalcheri Branch


*മാ നിന്ദത (ഋഗ്വേദം 4.5.2)*
*നിന്ദിക്കാതിരിക്കൂ!*





*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരല്പയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം –5



**ചെ**റിയമ്മ പിന്നെ ഇല്ലത്തേക്ക് തന്റെ കുട്ടികളുമായി തടിതപ്പി. പാച്ചന്റെ അമ്മ അഭിമാനിയാണ്. തറവാടുപേക്ഷിച്ചവർ ഇല്ലത്തേയ്ക്ക് പോയില്ല. പിച്ചക്കാരിയേപ്പോലെ എട്ടും പൊട്ടും അറിയാത്ത കുട്ടികളേയും പേറി അമ്മ കുറച്ചുനാൾ ചുറ്റി നടന്നു. ഒടുവിൽ പണ്ടത്തെ പേരുകേട്ട ധനവാനും അതുപോലെ ഉദാരതയും വിളയാടിയിരുന്ന ശങ്കരമംഗലം ഇല്ലത്തുചെന്നുപെട്ടു. അവിടത്തെ കാരണവർ വന്നെത്തിയ ആ അനാഥകുടുംബത്തിന് അഭയം നൽകി സ്വീകരിച്ചു. അമ്മ അവിടത്തെ അടുക്കളക്കാരിയായി. കുട്ടികൾ അവിടത്തെ അംഗങ്ങളും. ഉപനയനം, സമാവർത്തനം മുതലായ ആൺക്കുട്ടികൾക്കുവേണ്ട ക്രിയകളും ചൗളം, ഉടുത്തുതുടങ്ങൽ, തിരണ്ടുകല്ല്യാണം മുതലായ പെൺകുട്ടികൾക്കുവേണ്ട ചടങ്ങുകളും അവിടെത്തന്നെ യഥാവിധി നടത്തി. അങ്ങനെ ദിവസങ്ങളും മാസങ്ങളും കടന്നുപോയി. അച്ഛന്റെ വിവരമെന്തെന്നറിഞ്ഞുകൂടാ. 12 കഴിഞ്ഞ സീമന്തപുത്രൻ മനവക അടുത്തുള്ള നീലകണ്ഠേശ്വരക്ഷേത്രത്തിലെ ശാന്തിക്കാരനും വൃദ്ധാവസ്ഥയിലെത്തിയ അച്ഛൻ നമ്പൂതിരിപ്പാടിന്റെ ഉപചാരകനുമായി തുടർന്നു.

അങ്ങനെയിരിക്കെ അച്ഛൻ തൃശ്ശൂർ വടക്കുംനാഥക്ഷേത്രത്തിൽ മുറജപക്കാരനായിക്കൂടിയിട്ടുണ്ടെന്ന് കേട്ട് കേൾപ്പിച്ച്, നളൻ ഋതുപർണ്ണരാജാവിന്റെ കൊട്ടാരത്തിലുണ്ടെന്ന് ദമയന്തി അറിഞ്ഞപോലെ അറിഞ്ഞ അമ്മ ഒരു ദിവസം അന്വേക്ഷിച്ച് തൃശ്ശൂർക്ക് പോയി. അച്ഛൻ താമസിച്ചിരുന്നത് തൃശ്ശൂർ കുന്നത്ത് മനയിലായിരുന്നു. നല്ല സമ്പന്ന കുടുംബം. സംസ്കൃതരുടെ മുൻപന്തിയിൽ നിൽക്കുന്നവരാണിവിടെയുള്ളവർ. തമ്മിൽ കണ്ടുമുട്ടിയപ്പോൾ അച്ഛനുമമ്മയും വികാരഭരിതരായി അന്യോന്യം എന്തുപറയണമെന്നറിയാതെ അല്പനേരം സ്തംഭിച്ചുനിന്നുപോയി. കണ്ണുനീർധാരയായി ഒഴുകുന്നുണ്ടായിരുന്നു. ഉച്ചാരണശേഷി നഷ്ടപ്പെട്ടുപോയി. ചുണ്ടിൽ വിറയൽ മാത്രം. കവിളുകളിൽ വിതുമ്പലും . ഒടുവിൽ ഉള്ളിലൊതുക്കാൻ കഴിയാതെ വന്നപ്പോൾ വിങ്ങി വിങ്ങി പറഞ്ഞു വന്നു.

" അതേയ്.....ഞാനൊന്നു.... ചോദിച്ചോട്ടെ! ഈ അജ്ഞാതവാസത്തിന്റെ അർത്ഥമെന്താണ്? എനിക്ക്... മനസ്സിലാകുന്നില്ല. സന്ന്യസിക്ക്യാണോ? മൈത്രേയി, ഗാർഗി, സീത, ചന്ദ്രമതി, സാവിത്ര്യാദി, സ്ത്രീരത്നങ്ങളെപ്പോലെ അത്രക്കൊന്നും ഞാൻ പഠിച്ചിട്ടില്ല. എങ്കിലും നിലത്തെഴുതാനും നാലക്കം വെക്കാനും എഴുത്തച്ഛന്റെ രാമായണം, ഭാഗവതം, മഹാഭാരതം മുതലായ പുരാണേതിഹാസങ്ങൾ കൂട്ടിവായിക്കാനും അവയിൽനിന്ന് ചില പൊട്ടും പൊടിയും മനസ്സിലാക്കാനും മാത്രമേ കഴിഞ്ഞിട്ടുള്ളൂ എനിക്ക്. ഏതായാലും ഞാനൊരു ചോദ്യം ചോദിക്കട്ടെ." ഗൃഹസ്ഥാശ്രമത്തിൽ എന്നെ സ്വയം വലിച്ചുകൂട്ടിയുണ്ടാക്കിയ പ്രാരാബ്ധങ്ങൾ ഒതുക്കി വെച്ചിട്ടു വേണ്ടേ വാനപ്രസ്ഥത്തിനും സന്ന്യാസത്തിനുമൊക്കെ പോകാൻ? എനിക്കറിയാഞ്ഞിട്ടു ചോദിക്ക്യാ". വേണ്ടതിലധികം പ്രാരാബ്ധങ്ങൾ വിവേകമെന്നിയേ സ്വയമുണ്ടാക്കിവെച്ചു. ഭാരം താങ്ങാനാവാതെ ഇപ്പോൾ യുദ്ധക്കളത്തിൽനിന്നും തിരിഞ്ഞോടുന്ന ഭീരുവിനെപ്പോലെ ഓടിയൊളിച്ചിരിക്കുകയാണോ? ശ്വാസകോശസുഷിരങ്ങൾ മൂടിക്കെട്ടി ശ്വാസംമുട്ടിക്കുന്ന അമ്മയുടെ വൈകാരിക കഥനം പ്രകൃതിയുടെ പ്രേരണ നിമിത്തം സ്വയം പൈശാചികാഗ്നി താപം തട്ടി ഉരുകി, നീരായ് പതിച്ചു.

**(തുടരും)**

***യന്തി പ്രമാദമതന്ദ്രാഃ (സാമം 721)***
***ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു***